പാലാംകോണം സബ്-സ്റ്റേഷൻ പ്രവർത്തനം

84 (451) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി വെഞ്ഞാറമൂട് സെക്ഷൻ പരിധിയിൽ പ്രവർത്തിക്കുന്ന പാലാംകോണം സബ്-സ്റ്റേഷൻ പ്രവർത്തനം ആരംഭിച്ചത് എന്നാണെന്ന് അറിയിക്കാമോ ;

(ബി) പ്രവർത്തനം ആരംഭിച്ചതു മുതൽ നാളിതുവരെ പ്രസ്തുത സബ്-സ്റ്റേഷന്റെ അറ്റകുറ്റപ്പണികൾക്കായി ഓരോവർഷവും എത്ര രൂപാവീതം ചെലവാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(സി) പാലാംകോണം സബ്-സ്റ്റേഷനിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന അറ്റകുറ്റപ്പണികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ;

(ഡി) പ്രസ്തുത സബ്-സ്റ്റേഷനിൽ നിരന്തരമുണ്ടാകുന്ന പവർ ഫെയിലുവർ ശാശ്വതമായി പരിഹരിക്കുന്നതിനും ഇതിന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) 27-5-2010-ൽ പ്രവർത്തനം ആരംഭിച്ചു.

(ബി) പ്രസ്തുത സബ്സ്റ്റേഷന്റെ അറ്റകുറ്റപണികൾക്കായി ഓരോ വർഷവും ചെലവാക്കിയിട്ടുള്ള തുക ചുവടെ ചേർക്കുന്നു :

2010-11	2,36,000 രൂപ
2011-12	2,38,000 രൂപ
2012-13	1,69,000 രൂപ
2013-14	1,19,000 രൂപ
2014-15	1,41,000 രൂപ
2015-16 (നാളിതുവരെ)	3,37,000 രൂപ

(സി) പ്രസ്തുത സബ്സ്റ്റേഷനിൽ 20-11-2015-ലാണ് നവംബർ മാസത്തെ (Monthly Maintenance) അറ്റകുറ്റപ്പണികൾ നടത്തിയത്. അതിനുശേഷം അറ്റകുറ്റപ്പണികൾ നടത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) നിലവിലുള്ള 5 MVA ട്രാൻസ്ഫോർമർ മാറ്റി 8 MVA സ്ഥാപിക്കുന്നതിനും, പുതിയതായി രണ്ട് 11 കെ.വി. ഫീഡറുകൾ സ്ഥാപിക്കുന്നതിനും, Outdoor VCB മാറ്റി Indoor VCB സ്ഥാപിക്കുന്നതിനും, Control Room വിപുലീകരിക്കുന്നതിനും ഉള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കട്ടനാട് വൈദ്യുത പാക്കേജ്

85 (452) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 42 കോടി രൂപയുടെ കട്ടനാട് വൈദ്യുത പാക്കേജിൽ നാളിതുവരെ കുട്ടനാട്ടിൽ നടന്ന വികസന പ്രവർത്തനങ്ങൾ വിശദമാക്കുന്ന റിപ്പോർട്ട് ലഭ്യമാക്കുമോ ; പ്രസ്തുത പാക്കേജിൽ തുക പൂർണ്ണമായും ചെലവഴിച്ചോ ;

(ബി) മങ്കൊമ്പ് ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് കെട്ടിടത്തിന് സമർപ്പിച്ചിരിക്കുന്ന അപേക്ഷയിന്മേൽ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി 42 കോടി രൂപയുടെ നവീകരണ/ പുനഃരുദ്ധാരണ പ്രവർത്തികളിൽ, 40.69 കോടി രൂപയുടെ പ്രവൃത്തികൾ കാലാവധിക്കുള്ളിൽ പൂർത്തിയാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ കുട്ടനാട്ടിൽ നടന്ന വികസന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു :

1. പഴകിയതോ കേടുവന്നതോ ആയ തേക്കിൻ കഴകൾ മാറ്റി പുതിയ പി.എസ്.സി. പോളുകൾ സ്ഥാപിക്കൽ :

എച്ച്.റ്റി.	3206 എണ്ണം
എൽ.റ്റി.	11953 എണ്ണം

2. പോസ്റ്റ് ഇൻസേർഷൻ :

എച്ച്.റ്റി.	1550 എണ്ണം
എൽ.റ്റി.	921 എണ്ണം

3. കണ്ടക്ടർ മാറ്റൽ, ലൈൻ പുനർവിന്യസിക്കൽ :

എച്ച്.റ്റി.	188.98 കി. മീ.
എൽ.റ്റി.	306.6 കി.മീ.

LIBRARY ARCHIVES Kerala Legislative Assembly